വിവിധ മോഷണ കേസിലെ പ്രതികൾ പിടിയിൽ

കുറുപ്പംപടി : ജില്ലയിലെ നിരവധി മോഷണ കേസുകളിലും കഞ്ചാവ് കേസുകളിലും ഉൾപ്പെട്ട സംഘത്തെ അറസ്റ്റ് ചെയ്തു.

പെരുമ്പാവൂർ, പള്ളിക്കവല നടപ്പുരമ്പിൽ വീട്ടിൽ 23 വയസ്സുള്ള ഫാസിലിനേയും ഫാസിലിന്റെ കൂട്ടുപ്രതികളായ, ഐമുറി കരയിൽ മാവിൻചുവട് വടക്കേക്കുടി വീട്ടിൽ 24 വയസ്സുള്ള എബിൻ, നെല്ലിക്കുഴി കരയിൽ പാറയിൽ വീട്ടിൽ 27 വയസ്സുള്ള അൻസൽ എന്നിവരേയാണ് അറസ്റ്റ് ചെയ്തത്.

കുറുപ്പംപടി പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രളയക്കാട് വട്ടപ്പാടം ഭാഗത്ത് താമസിക്കുന്ന മുൻ ഗവ. പ്ലീഡറുടെ വീട്ടിൽ 14/08/2017 തീയ്യതി പകൽ സമയം മൊബൈൽ ഫോണും, സ്വർണ്ണാഭരണങ്ങളും മോഷണം നടത്തിയ കേസിലാണ് ഫാസിൽ പിടിയിലായത്. കുറുപ്പംപടി ഡയറ്റ് സ്കൂൾ കുത്തിതുറന്ന് ലാപ് ടോപ് മോഷ്ടിച്ച കേസിലാണ് കൂട്ടുപ്രതികളും അറസ്റ്റിലായത്. പ്രതികളുടെ കയ്യിൽ നിന്നും സ്വർണ്ണവും, വാച്ചുകളും കുറുപ്പംപടി ഡയറ്റ് സ്കൂളിൽ നിന്നും മോഷണം പോയ ലാപ് ടോപ്പുകളും, മറ്റും പിടിച്ചെടുത്തിട്ടുണ്ട്

ഫാസിൽ, പുല്ലുവഴി വാടക വീട്ടിൽ നിന്നും ആയുധങ്ങളും 3 കിലോ കഞ്ചാവും പിടികൂടിയ കേസിലും, പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ, കഞ്ചാവ് വില്പന നടത്തിയകേസിലും, ഗ്യാസ് സിലിണ്ടർ മോഷ്ടിച്ച കേസിലും, ബൈക്ക് മോഷണക്കേസ് ഉൾപ്പെടെ നിരവധി മോഷണക്കേസിലെ പ്രതിയാണ്.

കുറുപ്പംപടിയിലുണ്ടായ മോഷണം അന്വേഷിക്കുന്നതിന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. A.V ജോർജ് I.P.S ന്റെ നിർദ്ദേശ പ്രകാരം പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ജി വേണുവിന്റെ നേതൃത്വത്തിൽ രൂപീകരിച്ച അന്വേഷണ സംഘത്തിൽപെട്ട കാലടി പോലീസ് സർക്കിൾ ഇൻസ്പെക്ടർ സജി മാർക്കോസ്, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീകുമാർ, ഇഖ്ബാൽ, അബ്ദുൽ സത്താർ എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതികളെ റിമാന്റ് ചെയ്തു.

Fasil Ebin Ansal